പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1227** **30.01.2018-ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് വകുപ്പിലെ ലൈൻമാൻമാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ 02.03.1997 മുതൽ 31.12.2007 വരെയുള്ള ലൈൻമാൻമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) | പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ലിസ്റ്റിൽ ഐ.ടി.ഐ. വയർമാൻ (എൻ.സി.വി.ടി.) യോഗ്യത നേടിയവരെ അൺക്വാളിഫൈഡ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ലൈൻമാൻ തസ്തികയുടെ യോഗ്യതയായി സ്പെഷ്യൽ റൂൾസിൽ പറയുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ലൈൻമാൻ തസ്തികയുടെ യോഗ്യത സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്നു.<br>Minimum General Qualification of S.S.L.C standard<br>and<br>Certificate in Electrical Engineering after having undergone a course of study of not less than one year from an Institution recognised by Government<br>OR<br>City and Guilds Examination in Electrical Engineering London Institute in A.C of Intermediate Grade<br>OR<br>M.G.T.E or K.G.T.E Certificate (Higher) in Electrical Light and Power<br>OR<br>Grade III Certificate as Electrician or Lineman from war Technical Training Centre. |

| | | | |
|---|---|---|---|
| (ഡി) | എൻ.സി.വി.ടി. നടത്തുന്ന വയർമാൻ കോഴ്സ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സംബന്ധമായ ട്രേഡ് ആണെന്നും രണ്ട് വർഷത്തെ കോഴ്സ് ആണെന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് വ്യക്തമാക്കുന്നുണ്ടോ; | (ഡി) | വ്യവസായിക പരിശീലന വകുപ്പ് ചുമതലപ്പെടുത്തിയ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ എൻ.സി.വി.റ്റി നടത്തുന്ന വയർമാൻ കോഴ്സ് രണ്ടു വർഷത്തെ കോഴ്സാണെന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സംബന്ധമായ ട്രേഡ് ആണെന്ന് വ്യക്തമാക്കിയിട്ടില്ല. |
| (ഇ) | ഐ.ടി.ഐ. വയർമാൻ (എൻ.സി.വി.ടി) കോഴ്സ് കഴിഞ്ഞവർക്ക് പി. എസ്.സി മുഖേന ലൈൻമാൻ തസ്തികയിൽ നേരിട്ട് നിയമനം നൽകിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഐ. ടി.ഐ. വയർമാൻ (എൻ.സി.വി.ടി.) യോഗ്യതയുള്ള ലൈൻമാൻമാരെ അവരുടെ പി. എസ്.സി അഡ്വൈസ് തീയതി പ്രകാരം സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഐ.റ്റി.ഐ വയർമാൻ കോഴ്സ് കഴിഞ്ഞവർക്ക് പി.എസ്.സി മുഖേന ലൈൻമാൻ തസ്തികയിൽ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.റ്റി.ഐ വയർമാൻ (NCVT) യോഗ്യതയുള്ള വയർമാൻമാരെ ക്വാളിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | ലൈൻമാൻ തസ്തികയുടെ പ്രമോഷൻ തസ്തികയായ സെക്കന്റ് ഗ്രേഡ് ഓവർസിയറായി നേരിട്ട് നിയമിക്കുന്നതിന് (എൻ.സി.വി.ടി.) ഇലക്ട്രീഷ്യൻ സർട്ടിഫിക്കറ്റാണ് യോഗ്യതയായി പരിഗണിക്കുന്നത് എന്നിരിക്കെ ലൈൻമാൻ തസ്തികയിലേക്കും ഇതേ യോഗ്യത വേണമെന്ന് നിഷ്കർഷിക്കുന്നത് നീതികേടാണെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (എഫ്) | ഉണ്ട്. പരിശോധിക്കും. |

സെക്ഷൻ ഓഫീസർ